# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5347** **05.07.2012- ൽ മറുപടിക്ക്**

**കൈത്തറി മേഖലയ്ക്കുള്ള കേന്ദ്ര സർക്കാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.രാധാകൃഷ്ണൻ** | | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** | |
| എ) | മുൻ വർഷം സംസ്ഥാനത്തെ കൈത്തറി സംഘങ്ങളുടെ സംരക്ഷണത്തിന് നബാർഡിന്റെ സഹായത്തോടെ കേന്ദ്ര സർക്കാർ രൂപം നൽകിയ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത പദ്ധതി മുഖേന കേരളത്തിലെ കൈത്തറി തൊഴിലാളി കുടുംബങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | കൈത്തറി മേഖലയെ പുനരുദ്ധരിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് റിവൈവൽ, റിഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ്. പ്രസ്തുത പാക്കേജനുസരിച്ച് എല്ലാ സംസ്ഥാനങ്ങൾക്കുമായി മൊത്തം 3884 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. അതിൽ കേന്ദ്ര വിഹിതം 3137 കോടി രൂപയും സംസ്ഥാന വിഹിതം 747 കോടി രൂപയുമാണ്. പദ്ധതിയുടെ നടത്തിപ്പ് നബാർഡ് മുഖാന്തിരമാണ്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളുടേയും, അപ്പക്സ് സൊസൈറ്റിയായ ഹാന്റക്സിന്റേയും സ്വകാര്യ നെയ്ത്തുകാരുടേയും 31.3.2010 വരെ കുടിശ്ശികയായിട്ടുള്ള വായ്പാതുകയുടെ 100% വും നോൺ പെർഫോമിങ്ങ് അസറ്റ്സ് ആയ തീയതി വരെയുള്ള പലിശയുടെ 25% വും തിരിച്ചടവിൽ നിന്ന് ഒഴിവാക്കപ്പെടുന്നതാണ്. ഈ പദ്ധതിയനുസരിച്ച് കേന്ദ്ര |

സർക്കാരും സംസ്ഥാന സർക്കാരും താഴെ പറയുന്ന അനുപാതത്തിൽ തുക ഷെയർ ചെയ്യേണ്ടതാണ്.

അപ്പക്സ് സൊസൈറ്റി - 75:25 (കേന്ദ്രം :സംസ്ഥാനം)

പ്രാഥമിക സംഘങ്ങൾ - 80:20 (കേന്ദ്രം :സംസ്ഥാനം)

വ്യക്തിഗത നെയ്ത്തുകാർ - 80:20 (കേന്ദ്രം :സംസ്ഥാനം)

പദ്ധതിയുടെ നടത്തിപ്പിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളുടേയും, അപ്പക്സ് സൊസൈറ്റിയായ ഹാൻടെക്സിന്റേയും 31.3.10 വരെയുള്ള ആഡിറ്റ്, സഹകരണ വകുപ്പ് യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയുണ്ടായി. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിലുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് 23.03.12 ന് ഒപ്പുവച്ചു. സംസ്ഥാന സർക്കാരാണ് ആദ്യം മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പു വച്ചത്. ലെറ്റർ ഓഫ് കമ്മിറ്റ്മെന്റ് സംസ്ഥാന സർക്കാർ നൽകി കഴിഞ്ഞു. 2011-12 വർഷത്തിൽ സംസ്ഥാന വിഹിതമായി 5 കോടി രൂപ അനുവദിക്കുകയും ആ തുക നബാർഡിന് കൈമാറുകയും ചെയ്തു. 2012-13 സാമ്പത്തിക വർഷം വീണ്ടും 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നബാർഡ് സ്പെഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. സ്പെഷ്യൽ ആഡിറ്റ് ആരംഭിച്ചു കഴിഞ്ഞു. കൈത്തറി തൊഴിലാളി കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യമൊന്നും ലഭിക്കുന്നില്ല. എങ്കിലും കൈത്തറി സംഘങ്ങളുടെ കടബാദ്ധ്യതയുടെ തിരിച്ചടവിൽ നിന്നും ഒഴിവായിക്കിട്ടാനുള്ള ആനുകൂല്യം ലഭിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ; | (സി) & (ഡി) | കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സ്പെഷ്യൽ സാമ്പത്തിക പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പരമ്പരാഗത കൈത്തറി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധികൾ പരിഗണിച്ച് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി കൈത്തറി സംഘങ്ങളെയും തൊഴിലാളി കളെയും സംരക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**